LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 9, ബുധൻ

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2011 ഫെബ്രുവരി മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ: 61....

വാഹനത്തിരക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ്സുകൾ

1 (*61) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ വാഹനത്തിരക്ക് ഒഴിവാക്കുന്നതിനായി ബൈപ്പാസുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ദേശീയപാതാ വിഭാഗത്തിൽ എത്ര ബൈപ്പാസ്സുകളാണ് നിർമ്മിക്കുന്നത് ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി എത്ര ബൈപ്പാസ്സുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; മൊത്തം എത്ര കോടി രൂപയ്ക്കുള്ള പണികൾക്ക് ഭരണാനുമതി നൽകി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ&ബി) തിരക്കേറിയ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി 25 ബൈപ്പാസുകൾ കൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 6 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവയിൽ പെരുമ്പാവൂർ, നിലമ്പൂർ ബൈപ്പാസ്സുകൾ ഒഴികെ മറ്റുള്ളവയുടെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ 23 ബൈപ്പാസുകൾ ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ എല്ലാ ബൈപ്പാസുകളുടെയും പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

(സി) 24 എണ്ണം. മൊത്തം 147.32 കോടി രൂപയുടെ പ്രവൃത്തികൾക്ക് മാന്ദ്യവിരുദ്ധ പാക്കേജിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അടിയന്തിരപ്രാധാന്യത്തോടെ നിർമ്മിക്കേണ്ട ബൈപ്പാസുകളുടെ ലാന്റ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ് ട്രാക്ക് സ്കീമിലുൾപ്പെടുത്തി ഉത്തരവാകുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. വി. ശിവൻകുട്ടി : സർ, വാഹനത്തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന റോഡുകളും ബൈപ്പാസുകളും പലപ്പോഴും നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഏതാണ്ട് 500 കോടി രൂപ മുടക്കിയാണ് 42 കിലോമീറ്റർ റോഡും മേൽപ്പാലവുമുള്ള പദ്ധതി തലസ്ഥാന നഗരിയിൽ തയ്യാറാക്കിയത്. 2% പോലും വാഹനത്തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രയോജനം നമുക്ക് ലഭിച്ചിട്ടില്ല. 100 കോർപ്പറേഷൻ വാർഡുകളുള്ള ഒരു മഹാനഗരമായി തലസ്ഥാനം ഇപ്പോൾ മാറിയിരിക്കുകയാണ്. അങ്ങേയ്ക്ക് അറിയാം, നിയമസഭാ മന്ദിരത്തിൽ നിന്ന് കിഴക്കേകോട്ട വരെ പോകുന്നതിന് ഒരു മണിക്കൂർ സമയം എടുക്കുമെന്ന്. വർദ്ധിച്ചുവരുന്ന വാഹനത്തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഒരു പുതിയ പദ്ധതിക്ക് അങ്ങ് രൂപം നൽകുമോ?

ശ്രീ. എം. വിജയകുമാർ: സർ, ബഹുമാനപ്പെട്ട അംഗം വി. ശിവൻകുട്ടി ചോദിച്ചത് തലസ്ഥാന നഗരിയിലെ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട കാര്യമാണ് ചോദിച്ചത്. തലസ്ഥാന നഗരിയിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ വേണ്ടി 5 വർഷത്തിനുമുൻപ് ഒരു പദ്ധതിക്ക് രൂപം നൽകി.

*അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രവർത്തനം ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 42 കിലോ മീറ്റർ റോഡ്, 2 ഫ്ളൈ ഓവറുകൾ, 1 അണ്ടർപാസ്, പാലങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. തലസ്ഥാന നഗരിയിലെ മറ്റ് റോഡുകളുടെ വികസനം, ജംങ്ഷനുകളുടെ വികസനം, ഫ്ളൈ ഓവറുകൾ ഇവയെല്ലാം ചേർത്തുകൊണ്ട് ഗതാഗതക്കുരുക്ക് പൂർണ്ണമായും പരിഹരിക്കുന്നതിന് ഇതിന്റെ രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, സംസ്ഥാനത്ത് മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട ബൈപ്പാസുകളുടെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ആകെ എത്ര തുകയാണ് അങ്ങ് പ്രതീക്ഷിക്കുന്നത് ; കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഇതിന് എത്ര രൂപയാണ് സഹായം ലഭിക്കുന്നത് ? പലപ്പോഴും റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നത് ഭൂമി അക്വിസിഷനാണ്. ഭൂമി അക്വിസിഷൻ നടപടികൾ ലഘൂകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, മുനിസിപ്പാലിറ്റികളടക്കമുള്ള ബൈപ്പാസുകൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ഇപ്പോൾ ധനസഹായം ലഭിക്കുന്നില്ല. പി.ഡബ്ല്യു.ഡി.വഴി 24 ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് മാന്ദ്യവിരുദ്ധ പാക്കേജിൽ 147.32 കോടി രൂപയുടെ ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പൊതുവേയുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അതിന്റെ പരിഹാരമെന്ന നിലയിൽ ഫാസ്റ്റ് ട്രാക്കിൽ ആ പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചിരിക്കുന്നത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഏകദേശം 3 കോടി അയ്യപ്പ ഭക്തന്മാർ യാത്ര ചെയ്യുന്ന മുണ്ടക്കയം-കാഞ്ഞിരപ്പള്ളി റോഡിൽ ഈ സർക്കാർ ബൈപ്പാസുകൾ അനുവദിച്ചതിൽ നന്ദിയുണ്ട്. ഇതിന്റെ ലാന്റ് അക്വിസിഷനുവേണ്ടി. കഴിഞ്ഞ രണ്ടര വർഷമായി ഒരായിരം പ്രാവശ്യം സെക്രട്ടേറിയറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഞാൻ കയറിയിറങ്ങി. അവസാനം കാഞ്ഞിരപ്പള്ളി ബൈപ്പാസ്സിന്റെ ഫാസ്റ്റ് ട്രാക്കും ഫോർ-വൺ നോട്ടിഫിക്കേഷനുമായി. മുണ്ടക്കയം ബൈപ്പാസ്സിന്റെ ഫോർ-വൺ നോട്ടിഫിക്കേഷനും ഫാസ്റ്റ് ട്രാക്കിനുള്ള ഓർഡറും ഇതുവരെ ആയിട്ടില്ല. ഇത് സ്പീഡപ്പ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസ്സിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം അൽഫോൺസ് കണ്ണന്താനം ഇവിടെ സൂചിപ്പിച്ചു. മുണ്ടക്കയം ബൈപ്പാസ് സംബന്ധിച്ച് 2 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി. അത് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ലാന്റ് അക്വിസിഷൻ നടപടി ആരംഭിച്ചു കഴിഞ്ഞു. പരമാവധി നേരത്തെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എം. ദിനേശ് മണി : സർ, തൃപ്പൂണിത്തുറ-കുണ്ടന്നൂർ ബൈപ്പാസ് സംബന്ധിച്ചുള്ള നടപടിക്രമം ആരംഭിച്ചിട്ട് ഏറെക്കാലമായി. തൃപ്പൂണിത്തുറ നഗരം വാഹനത്തിരക്കുകൊണ്ട് വീർപ്പുമുട്ടുകയാണ്. മരട്

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റിയിലെ നാന്നൂറോളം കുടുംബങ്ങൾ ഒഴിപ്പിക്കപ്പെടുമോ എന്ന ഭീഷണിയും നിലവിലുണ്ട്. തൃപ്പൂണിത്തുറ-കുണ്ടന്നൂർ ബൈപ്പാസ് സംബന്ധിച്ച അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ; അതുസംബന്ധിച്ച് അടിയന്തിരമായ പ്രാധാന്യം നൽകി നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അടിയന്തര പ്രാധാന്യം നൽകേണ്ട ഒരു മേഖലയാണിത്. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ചോദ്യോത്തരം ഇവിടെ വായിക്കാം. അതിൽ അനുബന്ധമായി ചേർത്ത ചില പ്രവൃത്തികളിൽ തിരുത്തലുകൾ വേണ്ടതുണ്ട്. ഇപ്പോൾത്തന്നെ ഇവിടെ നൽകിക്കഴിഞ്ഞതാണ്. അനുബന്ധമായി ചേർത്തതിൽ ദേശീയപാതയുടെ കാര്യത്തിൽ, തിരുവനന്തപുരം ബൈപ്പാസ് എന്ന ഒന്നാമത്തെ ഐറ്റത്തിൽ 76.223 കി. മീ. എന്നുള്ളത് 22.633 കി. മീ.ആണ്. അതുപോലെ കൊല്ലം ബൈപ്പാസിൽ 26.009 കി. മീ. പണി പൂർത്തിയായിട്ടുണ്ടെന്നുള്ളത് ശരിയല്ല 4.5 കി. മീ. പണി പൂർത്തിയായി. കൊല്ലം ബൈപ്പാസ് 4 വരി പാത എന്നാണ് എഴുതിയിരിക്കുന്നത്. പക്ഷെ അത് 2 വരി പാതയാക്കാനുള്ള അനുവാദമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ളത്. പൊന്നാനി ബൈപ്പാസിൽ പണി ആരംഭിച്ചിട്ടില്ലായെന്നത് പുനരാരംഭിച്ചിട്ടില്ല എന്നാണ്. പണി ആരംഭിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പി.ഡബ്ല്യു.ഡി. റോഡുകളിൽ ബസ്-ബേകൾ വേണമെന്ന പ്രധാനപ്പെട്ട ആവശ്യം ഇതിനുമുൻപ് സബ്മിഷൻവഴി ഞാൻ സഭയിൽ ഉന്നയിച്ചിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ അതിന് ഒരു ഉത്തരവും വന്നിരുന്നു. ഒരു ബസ് നിർത്തിയാൽ അതിനു പുറകിൽ വരിവരിയായി എല്ലാ വാഹനങ്ങളും ദീർഘനേരം നിർത്തേണ്ടി വരികയാണ്. ഇതിന് പരിഹാരമായി ബസ്-ബേകൾ ആവശ്യമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 1000 ബസ്-ബേകൾ കൃത്യമായും നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. അത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമോ നടപടിയോ ആയിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് ബസ്-ബേകൾ സ്ഥാപിക്കുക എന്നത്. സാധാരണ റോഡുകളിലൊന്നും നമുക്ക് ബസ്-ബേകൾ ഇല്ല. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ബസ്-ബേകൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. മുരളി : സർ, മാന്ദ്യവിരുദ്ധ പാക്കേജിൽ അനുമതി നൽകിയ 25 ബൈപ്പാസുകളുടെ ലിസ്റ്റാണ് അനുബന്ധമായി കൊടുത്തിരിക്കുന്നത്. മാവേലിക്കര-ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബഡ്ജറ്റ് വർക്കായി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ കണ്ടിയൂർ ബൈപ്പാസ് വർക്കിന് 2 കോടി രൂപയാണ് എസ്റ്റിമേറ്റ്. എല്ലാ നടപടികളും പൂർത്തീകരിച്ച് ടെണ്ടർ കമ്മിറ്റിക്ക് വന്നപ്പോൾ അനുവദിച്ച ടെണ്ടർ എക്സസ് പൂർണ്ണമായും കരാറുകാരൻ അംഗീകരിക്കുന്നില്ല. ഞാൻ അങ്ങയ്ക്ക് റെപ്രസെന്റേഷൻ തന്നതാണ്. ഇക്കാര്യത്തിൽ നടപടി ആരംഭിക്കാൻ ഗവൺമെന്റ് ഇടപെടുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, മാവേലിക്കര ബൈപ്പാസിന്റെ കാര്യത്തിൽ സാങ്കേതികമായ തടസ്സമാണ് വന്നിരിക്കുന്നത്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ജോർജ് എം. തോമസ് : സർ, നാഷണൽ ഹൈവേ 212-ലെ താമരശ്ശേരി നഗരം ഗതാഗതക്കുരുക്കുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവിടെ ഒരു ബൈപ്പാസിന്റെ നിർദ്ദേശം വന്നിരുന്നു. അതിന്റെ നിർമ്മാണം എവിടെവരെയായി ; പെട്ടെന്ന് തുടങ്ങാൻ കഴിയുമോ ? ഇപ്പോൾ വയനാട് ചുരം ടെണ്ടർ ചെയ്ത് പണിതുടങ്ങി. പക്ഷേ, ഏതോ ഒരു കരാറുകാരൻ സ്റ്റേ ലഭ്യമാക്കിയതുകൊണ്ട് പണി നടത്താൻ കഴിയുന്നില്ല. ഹെയർപിൻ വളവുകളെല്ലാം വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് ആ സ്റ്റേ നീക്കി പെട്ടെന്ന് പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, വയനാട് ചുരത്തിന്റെ കാര്യം, ഒരു വലിയ ഗതാഗത പ്രശ്നമാണ്. ഒരു മേഖലയിലേയ്ക്ക് പോകുന്ന ചുരമാണ്. കൃത്യസമയത്തുതന്നെ ആ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കാത്തതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെവന്നത്. ഇപ്പോൾ എല്ലാ ചുരങ്ങളും ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം നടത്താനുള്ള പദ്ധതി ആവിഷ്ക്കരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇന്റർലോക്ക് വച്ചുകൊണ്ട് രണ്ട് ചുരങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ബാക്കിയുള്ളവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കാസർഗോഡ് ഏറ്റവുമധികം വാഹനത്തിരക്കുള്ള ഒരു പട്ടണമാണ്. കൂടാതെ തൊട്ടടുത്തുള്ള മംഗലാപുരവുമായി ബന്ധപ്പെട്ട് തിരക്കുള്ള സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്കും വാഹനമോടിക്കുന്നവർക്കും വളരേയേറെ പ്രയാസം നേരിടുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യം കണക്കിലെടുത്ത് അവിടെ വളരെക്കാലമായി ഒരു ബൈപ്പാസ് നിർമ്മാണം സർക്കാരിന്റെ പരിഗണന യിലുണ്ട്. അതുകൊണ്ട് ഈ ബൈപ്പാസ് നിർമ്മിക്കുന്ന കൂട്ടത്തിൽ കാസർഗോഡുകൂടി ഒരു ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഇതൊരു പുതിയ നിർദ്ദേശമാണ്. തീർച്ചയായും അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ് : സർ, ആലപ്പുഴ ദേശീയ പാതയിൽ ഒരു ബൈപ്പാസ് നിർമ്മിക്കുന്നതിന് അങ്ങും മുഖ്യമന്ത്രിയും മുൻ മന്ത്രി ശ്രീ. മോൻസ് ജോസഫുമൊക്കെ നിരന്തരമായി ഇടപെട്ടതിനെത്തുടർന്ന് കേന്ദ്ര സർക്കാരിൽനിന്നും അതിനുള്ള പണം അനുവദിച്ചു. പക്ഷേ അതിന്റെ ക്രെഡിറ്റ് വേറെ ആണുങ്ങൾ കൊണ്ടുപോയി. 'മണ്ണും ചാരിനിന്നവർ പെണ്ണും കൊണ്ടുപോയി' എന്നതുപോലെയായി. എന്തായാലും ആ ബൈപ്പാസ് തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ അതിവേഗതയിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ആലപ്പുഴ ബൈപ്പാസ് ഏഴ് കിലോമീറ്റർ ദൈർഘ്യം വരുന്ന ബൈപ്പാസാണ്. വളരെക്കാലമായി അത് മുടങ്ങിക്കിടക്കുന്ന ഒരു നിർമ്മാണ പ്രവർത്തനമാണ്. 2.5 കിലോമീറ്റർ, 2.95 കിലോമീറ്റർ നീളത്തിൽ രണ്ടുവരിയായി വികസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 1.54 കിലോമീറ്റർ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. പക്ഷേ ഇതെല്ലാം നാലുവരിപ്പാതയാക്കുക എന്നതാണ് ലക്ഷ്യം. പുതുതായി ദേശീയ പാതകളെല്ലാം 45 മീറ്ററാക്കുമ്പോൾ ഇത് നാലുവരി പാതയാക്കേണ്ടതാണ്. ആ രൂപത്തിലുള്ള അനുപാതം നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഒരുറപ്പ് മാത്രമാണ് കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുള്ളത്. അതിന് ഡി.പി.ആർ. തയ്യാറാക്കണം. ഡി. പി. ആർ. തയ്യാറാക്കാൻ എൻ.എച്ച്.എ.ഐ.-യുടെ കൺസട്ടന്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അതിന്റെ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭിക്കുമെന്നാണ് പറയുന്നത്. റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ അടിയന്തരമായി അത് തുടങ്ങാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ : സർ, 1987-ൽ ആരംഭിച്ചതാണ് എൻ.എച്ച്-17-ലെ കണ്ണൂരിൽനിന്നും വടകരയ്ക്കുള്ള തലശ്ശേരി-മാഹി ബൈപ്പാസ്. മുഴപ്പിലങ്ങാട് നിന്ന് തുടങ്ങി ഇത് മാഹിയിൽ അവസാനിക്കുകയാണ്. മൊയ്തുപ്പാലം ഇപ്പോൾ അപകട ഭീഷണിയിലാണ്. ഏത് നിമിഷവും അത് തകരും. പലപ്പോഴായി അപകടങ്ങളുണ്ടാകുന്നുമുണ്ട്. അതുകൊണ്ട് പെട്ടെന്നുതന്നെ ക്രമീകരണങ്ങൾ പൂർത്തീകരിച്ച് ആ ബൈപ്പാസിന്റെ പ്രവർത്തനം തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് 18.03 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ്. 9.7 കിലോമീറ്റർ മുഴപ്പിലങ്ങാട് മുതൽ കോടിയേരിവരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായി. ബാക്കിയുള്ള സ്ഥല മെടുപ്പും നാലുവരിപ്പാതയുടെ നിർമ്മാണവും എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ് : സർ, ബൈപ്പാസുകളുടെ നിർമ്മാണത്തിൽ പ്രധാനപ്പെട്ട ഒരു തടസ്സമായി നിൽക്കുന്നത്, കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയിൽ ചില ബൈപ്പാസുകൾ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. തിരുവല്ലാ ബൈപ്പാസ് 1996-ലെ കെ.എസ്.ടി.പി.യുടെ സെക്കന്റ് ഫേസിൽ ഉൾപ്പെടുത്തിയതാണ്. മറ്റ് അനവധി നിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. അവിടെ നടത്തിയെങ്കിലും ബൈപ്പാസുകളുടെ പ്രശ്നം ബാക്കി നിൽക്കുകയാണ്. അങ്ങ് സ്ഥലം സന്ദർശിച്ചപ്പോൾ ഇതിന്റെ ഗൗരവം മനസ്സിലാക്കുകയും കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതി വൈകുകയാണെങ്കിൽ ഒരു പ്രത്യേക പദ്ധതിയായി തിരുവല്ലാ ബൈപ്പാസ് ഏറ്റെടുക്കാമെന്ന് അവിടുത്തെ ജനപ്രതിനിധികളോടും സാംസ്ക്കാരിക നേതാക്കളോടുമൊക്കെ അങ്ങ് പറഞ്ഞിരുന്നതുമാണ്. അത് പ്രത്യേക പദ്ധതിയായി ഏറ്റെടുക്കാനാണോ അതോ കെ.എസ്.ടി.പി. ഫേസ് ടു പദ്ധതിയിൽ ഏറ്റെടുക്കാനാണോ ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട കാര്യമാണ് പറഞ്ഞത്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ വരുന്നതാണ് തിരുവല്ലാ ബൈപ്പാസ്. അതിന് താമസം വരികയാണെങ്കിൽ സംസ്ഥാനം ഏറ്റെടുക്കുമെന്ന് ഞങ്ങൾ ആലോചിച്ച് നേരത്തെ ഉറപ്പ് കൊടുത്തിട്ടുണ്ട്. പക്ഷേ അതിന്റെ ആവശ്യം വരുന്നില്ല. കാരണം കെ.എസ്.ടി.പി. പ്രസ്തുത പദ്ധതി ഏറ്റെടുത്തുകഴിഞ്ഞു.

ശ്രീ. സി. പി. മുഹമ്മദ് : സർ, മലബാറിൽനിന്നും ഗുരുവായൂരിലേക്കുള്ള കവാടമാണ് പട്ടാമ്പി. ഒരു ഭാഗത്ത് നിളാനദിയും മറ്റൊരു ഭാഗത്ത് റെയിൽവേ ലൈനുമാണ്. അവിടെ ഗതാഗതം വളരെ ദുസ്സഹമായിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്ത് അക്വിസിഷനില്ലാതെ ഫ്രീസറണ്ടറായി സ്ഥലം ലഭ്യമായിട്ടുണ്ട്. പട്ടാമ്പിയിൽ ഒരു പുതിയ പാലവും ബൈപ്പാസും അത്യാവശ്യമാണ്. അതുകൊണ്ട് ഈ ബൈപ്പാസ് ഗവൺമെന്റ് ഏറ്റെടുക്കുകയോ അല്ലെങ്കിൽ കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തുകയോ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞത് പരിഗണിക്കേണ്ട പ്രശ്നമാണ്. പക്ഷേ ബ്ലോക്ക് പഞ്ചായത്ത്, പി.ഡബ്ലിയു.ഡി., കെ.എസ്.ടി.പി. ഇങ്ങനെ കുത്തഴിഞ്ഞുകിടക്കുകയാണ്. അതിനൊരു ഫൈനൽ തീരുമാനം നമുക്ക് എടുക്കാം. അതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. അതിനനുസരിച്ച് നടപടി സ്വീകരിക്കും.

ശ്രീ. ബാബു പോൾ: സർ, ഏഴ് റോഡുകൾ പരസ്പരം സന്ധിക്കുന്ന മൂവാറ്റുപുഴ നഗരം ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുകയാണ്. എം.സി. റോഡിന്റെ ബൈപ്പാസിന് മാന്ദ്യവിരുദ്ധ പാക്കേജിൽ അനുമതി നൽകി സ്ഥലമെടുപ്പ് നടപടികൾ നടക്കുന്നുണ്ട്. നാഷണൽ ഹൈവേ-49-ൽ കൊച്ചി-മധുര നാഷണൽ ഹൈവേയും മൂന്ന് ബൈപ്പാസുകളുമാണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. അവ തൃപ്പൂണിത്തുറയും മൂവാറ്റുപുഴയും കോതമംഗലവുമാണ്. അതിൽ തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ട് ചില പണികൾ നടക്കുന്നുണ്ട്. പക്ഷേ മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകളുടെ അലൈൻമെന്റ് നിശ്ചയിച്ച് കല്ലിട്ടുപോയതല്ലാതെ മറ്റൊന്നും നടന്നിട്ടില്ല. ആ സ്ഥലം ആർക്കും വിൽക്കുന്നതിനോ പണയപ്പെടുത്തുന്നതിനോ കഴിയുന്നില്ല. ഇതിന് മുന്തിയ പരിഗണന നൽകി മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. എം. വിജയകുമാർ : സർ, എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയായ കോതമംഗലം, മൂവാറ്റുപുഴ എന്നിവിടങ്ങളിലാണ് ബൈപ്പാസുകൾ കൂടുതലായി ആവശ്യം വന്നിട്ടുള്ളത്. അത് നമ്മുടെ പദ്ധതികളിൽ വന്നിട്ടില്ല. പദ്ധതികളിൽ ഉൾപ്പെടുത്തി പരിഗണനാ പ്രയോറിറ്റിയിൽ കൊണ്ടുവന്ന് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബൈപ്പാസുകളുടെയും മറ്റും നിർമ്മാണത്തിന് ഏറ്റവും കൂടുതൽ തടസ്സമായി നിൽക്കുന്നത് സ്ഥലം അക്വയർ ചെയ്യുന്ന പ്രശ്നമാണ്. റവന്യൂ ഡിപ്പാർട്ടുമെന്റാണ് അക്വിസിഷനുമായി ബന്ധപ്പെട്ട

കാര്യങ്ങൾ ചെയ്യുന്നത്. ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്വിസിഷൻ നടപടികൾപോലും ഒച്ചിന്റെ വേഗത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മരാമത്തുവകുപ്പും റവന്യൂവകുപ്പും ചേർന്ന് സമയബന്ധിതമായി അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുമോ ; ബൈപ്പാസായി ഉപയോഗിക്കുന്ന കുനിയിൽക്കടവ് പാലം വീതികൂട്ടി ഗതാഗതയോഗ്യമാക്കുന്നതിനുള്ള ഒരു തടസം അക്വിസിഷനാണ്. അത് വീതികൂട്ടി ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടുന്നുണ്ട്. അത് ഒഴിവാക്കാൻവേണ്ടിയാണ് ഫാസ്റ്റ് ട്രാക്ക് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ആ രൂപത്തിൽ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം എ.കെ. ശശീന്ദ്രൻ പറഞ്ഞത് ശരിയാണ്. ഫാസ്റ്റ് ട്രാക്ക് ആണെങ്കിൽപ്പോലും താമസംവരുന്നുണ്ട്. അത് പരിഹരിക്കുന്നതിന് റവന്യൂ-സർവ്വേ ഡിപ്പാർട്ടുമെന്റിൽനിന്നും സപ്പോർട്ടിംഗ് സ്റ്റാഫിനെ കൊടുക്കണം. അതിനുവേണ്ടി സ്പെഷ്യൽ യൂണിറ്റുകൾ സ്ഥാപിച്ച് പ്രത്യേകം ആളുകളെ നിയോഗിച്ചുകൊണ്ടുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, സഭയിലുണ്ടായ ചോദ്യങ്ങൾ പൊതുവായി നോക്കിയാൽ സംസ്ഥാനത്ത് എല്ലാ നഗരങ്ങളും ഗതാഗത യോഗ്യമാണ്. ഒരു ബൈപ്പാസിന്റെ കാര്യത്തിൽ 2006-ൽ നിന്ന് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. .....(ബഹളം)..... തലശ്ശേരി-മാഹി ബൈപ്പാസിന്റെ കാര്യം പറഞ്ഞു. കണ്ണൂർ ബൈപ്പാസ് വളപ്പട്ടണം കഴിഞ്ഞാൽ പുതിയ തെരുവുവഴി കണ്ണൂരിലേക്ക് കടക്കാൻ സാധിക്കുകയില്ല. കണ്ണൂർ ബൈപ്പാസിന്റെ കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങ് ഇവിടെ പറഞ്ഞ കാര്യത്തിൽ എനിക്ക് ഭേദമുണ്ട്. ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് ബൈപ്പാസുകൾ വളരെ പ്രധാനപ്പെട്ടതാണ്. പി.ഡബ്ല്യു.ഡി. എന്ന നിലയിലും ദേശീയപാത എന്ന നിലയിലും അത് രണ്ടായിട്ടേ പറഞ്ഞിട്ടുള്ളൂ. ദേശീയപാതയെ സംബന്ധിച്ച് പ്രത്യേകം ചില പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരം കണ്ടുകൊണ്ട് മുന്നോട്ടുപോകുകയാണ്. പി.ഡബ്ല്യു.ഡി.യെ സംബന്ധിച്ച് ഒരു കാലത്തുമില്ലാത്ത രൂപത്തിലുള്ള വികസന പദ്ധതികൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. മാന്ദ്യവിരുദ്ധ പാക്കേജ് പണ്ട് കേട്ടിട്ടുണ്ടോ? .....(ബഹളം)..... മാന്ദ്യമില്ലാതെതന്നെ ചെലവ് ചുരുക്കുക, പദ്ധതി വെട്ടിച്ചുരുക്കുകയല്ല ചെയ്യുന്നത്. മാന്ദ്യമുണ്ടായിട്ടുപോലും ചെലവ് ചുരുക്കുകയോ, പദ്ധതി വെട്ടിച്ചുരുക്കുകയോ ചെയ്യാതെ പരിഹാരമായി ഒരു ബദൽനയം ആവിഷ്ക്കരിച്ചത് കേരളത്തിലാണ്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് കാസർഗോഡ് മുതൽ 24 ബൈപ്പാസുകൾ മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി നടപടി ആരംഭിച്ചുകഴിഞ്ഞു. അതിൽ ആറെണ്ണം പുരോഗതിയിലാണ്, രണ്ടെണ്ണം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചു. ബാക്കിയുള്ളവയുടെ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ച് ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി നടപ്പാക്കാൻ പോകുന്നു. ഇതിനപ്പുറം എന്താണ് ചെയ്യുക ? കണ്ണൂർ ബൈപ്പാസിന്റെ കാര്യം വളരെ പ്രാധാന്യത്തോടുകൂടിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അത് ഉടൻതന്നെ നടപ്പാക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. രാഘവൻ : സർ, കൊല്ലം പട്ടണത്തിൽ ഗതാഗതക്കുരുക്കിൽ പെടാത്തവർ ആരുംതന്നെയില്ല. ഇത് വർഷങ്ങളായി തുടരുകയാണ്. ഇതിനുള്ള പരിഹാരമാർഗം കൊല്ലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനമാണ്. ഇത് ആരംഭിച്ചിട്ട് വർഷങ്ങളായി. കൊല്ലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. എം. വിജയകുമാർ : സർ, കൊല്ലം ബൈപ്പാസ് മേവര മുതൽ അയത്തിൽ വരെയുള്ള 3.26 കിലോമീറ്ററും അയത്തിൽ മുതൽ കല്ലുംതാഴം വരെയുള്ള 1.25 കിലോമീറ്ററും രണ്ടുവരിയായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 8.35 കിലോ മീറ്റർ, മൂന്ന് പാലങ്ങൾ ഉൾപ്പെടെയുള്ളതിനെയാണ് സ്പെഷ്യൽ പാക്കേജിൽ പെടുത്തിയത്. അത് സംസ്ഥാന ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളുടെ ഒരു വിജയമാണ്. ദേശീയപാതയുടെ പദ്ധതിയിൽനിന്ന് കൊല്ലം, ആലപ്പുഴ ബൈപ്പാസുകളെമാറ്റി ഒരു പ്രത്യേക പദ്ധതിയാക്കി. കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഫണ്ടുതന്ന് സംസ്ഥാന ഗവൺമെന്റ് നേരിട്ടുചെയ്യുന്ന ഒരു പദ്ധതിയാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. 153 കോടി രൂപയുടെ പദ്ധതിയാണ്. രണ്ടുവരിക്കാണ് അനുവാദം കിട്ടിയത്.

ശ്രീ. എം. ഉമ്മർ : സർ, കോട്ടയ്ക്കൽ ബൈപ്പാസിന്റെ പ്രവൃത്തി വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന്റെ പ്രയോജനം ലഭിക്കണമെങ്കിൽ മൂന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് പൂർത്തിയാക്കണം. അതുകൊണ്ട് മൂന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സ്ഥലമെടുപ്പ് ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എം. ഉമ്മർ : ഇല്ല.

ശ്രീ. എം. വിജയകുമാർ : ഇല്ലെങ്കിൽ അതിനെ ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തി നടപടി സ്വീകരിക്കാം.

ശ്രീ. വി.എൻ. വാസവൻ : സർ, ഈ ഗവൺമെന്റിന്റെ കാലയളവിൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി ബൈപ്പാസ് പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ അഭിനന്ദിക്കുന്നു. കോട്ടയം പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വേണ്ടി ചുങ്കം-കോടിമത ബൈപ്പാസും മണർകാട് ബൈപ്പാസും ഒപ്പം ഒരു ഫ്ളൈ ഓവറും നിർദ്ദേശിച്ചിരുന്നു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി എന്നുപറയാമോ ?

ശ്രീ. എം. വിജയകുമാർ : സർ, ചങ്ങനാശ്ശേരി ബൈപ്പാസ് എത്രയോ നാളുകളായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. ചങ്ങനാശ്ശേരി ബൈപ്പാസിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഈ മാസം 15-ാം തീയതി ചങ്ങനാശ്ശേരി ബൈപ്പാസ് കമ്മീഷൻ ചെയ്യുകയാണ്. കോടിമത-ചുങ്കം ബൈപ്പാസ് അഞ്ച് കോടി രൂപയാണ് വേണ്ടത്.

അതിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ്ട്രാക്കിൽ ആരംഭിച്ചിട്ടുണ്ട്. മണർകാടിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തി ആരംഭിക്കും.

ശ്രീ. കെ. അച്ചുതൻ : സർ, വളരെക്കാലമായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണ് തത്തമംഗലം ബൈപ്പാസ്. ഇവിടെ അഞ്ച് മീറ്റർ വീതിയാണുള്ളത്. രണ്ട് ഭാഗവും അമ്പലമാണ്, രണ്ട് ഭാഗവും അമ്പലമായതിനാൽ ഒരിക്കലും അവിടെ വീതി കൂട്ടാൻ പറ്റില്ല. അതുകൊണ്ട് ഒരു ബൈപ്പാസ് നിർമ്മിക്കണം. ബൈപ്പാസിനുള്ള പ്രപ്പോസൽ പല കാരണങ്ങൾ കൊണ്ട് മാറിമാറി പോയിട്ടുണ്ട്. ഇപ്പോൾ ഫാസ്റ്റ്ട്രാക്കിൽ ഇൻക്ലൂഡ് ചെയ്യാമെന്ന് പറഞ്ഞിരുന്നു. അത് ക്യാബിനറ്റിന് വിട്ടിരിക്കുന്നുവെന്ന് പറഞ്ഞിട്ട് കുറേ ദിവസമായി. ദയവുചെയ്ത് ഇത് ക്യാബിനറ്റിന് വിടാതെ ജില്ലാ കളക്ടറോ മറ്റോ തീരുമാനമെടുത്ത ശേഷം അല്ലെങ്കിൽ മരാമത്ത് വകുപ്പുമന്ത്രിതന്നെ തീരുമാനമെടുത്ത് ഇത് നടപ്പിലാക്കാൻ കഴിയുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങ് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ അത് പ്രായോഗികമല്ല. തത്തമംഗലം ബൈപ്പാസിന് 2.98 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി മാന്ദ്യ വിരുദ്ധ പാക്കേജിൽപ്പെടുത്തി ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചു. അതിന് താമസമുണ്ടെന്നാണ് പറഞ്ഞത്. അത് ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. പ്രത്യേക ശ്രദ്ധ പതിപ്പിക്കാം.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കണ്ണൂർ ജില്ലയിലെ മൂന്ന് ബൈപ്പാസുകളെ കുറിച്ചാണ് ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചത്. രണ്ടെണ്ണത്തിന് ഇവിടെ മറുപടി പറഞ്ഞു. തളിപ്പറമ്പ്-കീച്ചേരി ബൈപ്പാസ് ആദ്യത്തെ ബഡ്ജറ്റിൽ വന്നതാണ്. അത് സ്റ്റേറ്റ് ബൈപ്പാസാണ്. അതിന്റെ പണി ആരംഭിച്ചിട്ടില്ല. രണ്ടാമത്തെ വിഷയം എൻ.എച്ച്.-ൽ പതിനാറ് സ്ഥലത്ത് വളവ് തീർക്കാൻ സ്ഥലമില്ലായെന്ന് പറഞ്ഞപ്പോൾ സ്ഥലം കണ്ടെത്തി അഞ്ചുപേരിൽനിന്ന് സംഭാവനയായി വാങ്ങി നൂറിൽപ്പരം ആളെക്കൂട്ടി ഞാൻ നേരിട്ട് നിന്ന് വളവ് തീർത്തു. എൻ.എച്ച്.എ. ഒറ്റ പൈസ തരുന്നില്ല. ഇവിടെ കേന്ദ്ര ഗവൺമെന്റ് അങ്ങേയറ്റത്തെ ക്രൂരമായ നിലപാട് സ്വീകരിക്കുന്നു. കേന്ദ്രഗവൺമെന്റിൽ നിന്നും പണം വാങ്ങാനും തളിപ്പറമ്പ് ബൈപ്പാസിന്റെ പ്രവൃത്തി അടിയന്തരമായി ആരംഭിക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കഴിഞ്ഞ ആഴ്ച ഞാൻ അവിടെ പോയപ്പോൾ ഒരു നിയമസഭാ സാമാജികൻ കുറേ ആളുകളുമായി ഈ എൻ.എച്ച്-ന്റെ വളവ് മാറ്റുന്നതിനും ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നതും ഞാൻ കണ്ടു. അതാണ് ശ്രീ. സി. കെ. പി. പത്മനാഭൻ. അദ്ദേഹത്തെ ഞാൻ ഒത്തിരി പ്രശംസിച്ചു. ആരും ഇത്തരമൊരു റിസ്ക്കെടുക്കില്ല. അതിന്റെ ഭാഗമായി കുറേയേറെ നാളത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പിന്തുണ ആ കാര്യത്തിൽ ഉണ്ടാകും.

ശ്രീ. എൻ. ശക്തൻ : സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ബാലരാമപുരത്താണ്. തിരുവനന്തപുരത്ത് നിന്നും നെയ്യാറ്റിൻകരവരെ 18 കി.മി. ആണുള്ളത്. ആ 18 കിലോമീറ്റർ കാറിൽ

LIBRARY ARCHIVES Kerala Legislative Assembly

യാത്ര ചെയ്താലും ഒരു മണിക്കൂറിൽക്കൂടുതൽ ഇന്ന് ആവശ്യമാണ്. പലപ്പോഴും ഒന്നര മണിക്കൂർ വരെ വേണ്ടിവരും. ഇത് പരിഹരിക്കുന്നതിന് ബാലരാമപുരത്ത് ഒരു ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട അംഗം എൻ. ശക്തൻ പറഞ്ഞകാര്യം, കരമന-കളിയിക്കാവിള നാഷണൽ ഹൈവേ 47-ന്റെ വികസനവുമായി ബന്ധപ്പെട്ട തായതുകൊണ്ടാവാം ബാലരാമപുരം ഭാഗത്തുവരുന്ന ഗതാഗതക്കുരുക്ക്. അമ്പത് വർഷത്തിലേറെയായി തലസ്ഥാനത്തിന്റെ തെക്കൻ ഭാഗത്തെ വികസനവുമായി ബന്ധപ്പെട്ടാണ് കരമന-കളിയിക്കാവിള ബൈപ്പാസ്. എന്നാൽ ആ ആവശ്യം പരിഹരിക്കാൻ സാധിച്ചില്ല. കഴിഞ്ഞ വർഷം അതിനെ ബഡ്ജറ്റിൽ കൊണ്ടുവന്നു, 645 കോടി രൂപയുടെ പാക്കേജ് തയ്യാറാക്കി. കരമന മുതൽ കളിയിക്കാവിള വരെ 29 കിലോമീറ്റർ റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരി പാതയാക്കാനുള്ള നടപടി സ്വീകരിച്ചു. 100 കോടി രൂപ ഇപ്പോൾ അനുവദിച്ച് ആദ്യത്തെ ഫേയ്സ് എന്ന നിലയിൽ 12 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി നടന്നുവരികയാണ്. ഈ പറഞ്ഞ കാര്യം പ്രത്യേകം അതിൽ പരിഗണിക്കാം. അതിന് പരിഹാരമുണ്ടാക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചതാണ് കൊല്ലങ്കോട് ബൈപ്പാസ്. അതിന്റെ അലൈൻമെന്റ്, ഏറ്റെടുക്കാനുള്ള സ്ഥലം, അതിനെ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനം ഇവയെല്ലാം വളരെ ഫാസ്റ്റായി നടന്നു. പക്ഷേ കുറച്ച് നെൽവയൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് അതിന് പ്രത്യേക അനുമതി വേണമെന്ന തടസമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് പരിഹരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കൊല്ലങ്കോട് ബൈപ്പാസ് വടക്കഞ്ചേരി-പൊള്ളാച്ചി 13 കോടി രൂപയുടെ വികസനമാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചു. നെൽവയലുകളുടെ കാര്യം ഒരു പൊതുപ്രശ്നമാണ്. അതിന് പരിഹാരം ഉണ്ടാക്കണം. പല സ്ഥലങ്ങളിലും നെൽവയൽ, തണ്ണീർത്തടം എന്നു പറഞ്ഞുകൊണ്ട് പ്രശ്നങ്ങളുണ്ട്. ഇത് പ്രത്യേകമായെടുത്ത് പരിഹരിക്കും.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ് ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തുമെന്നുപറഞ്ഞു. മിനിഞ്ഞാന്നാണ് റവന്യു വകുപ്പിന്റെ ക്ലിയറൻസ് പി.ഡബ്ല്യു.ഡി.-യിൽ എത്തിയത്. ഈ ആഴ്ചയെങ്കിലും അതിന്റെ ക്ലിയറൻസ് കൊടുത്ത് ഉത്തരവിറക്കി ലാൻഡ് അക്വിസിഷനുള്ള നടപടി സ്വീകരിക്കുമോയെന്നറിഞ്ഞാൽ കൊള്ളാം. 1998-ൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കിട്ടിയ വർക്കാണിത്. ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റുമാനൂർ മുതൽ കോട്ടയം വരെയുള്ള എം.സി. റോഡിൽ ഗതാഗതക്കുരുക്കുമൂലം ദിവസവും ജനങ്ങൾ കഷ്ടപ്പെടുകയാണ്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തുക എന്ന് പറഞ്ഞാൽ കുറച്ച് സമയമെടുക്കുന്ന ഒരു നടപടിയാണ്.

ശ്രീ. തോമസ് ചാഴികാടൻ : ഉൾപ്പെടുത്തുമോ എന്നാണ് ചോദിക്കുന്നത് ?

ശ്രീ. എം. വിജയകുമാർ : ഉൾപ്പെടുത്താൻ തീരുമാനിച്ചുകഴിഞ്ഞു. അത് ഇനി മന്ത്രിസഭാ യോഗത്തിൽ വരണം. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇത് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, നാഷണൽ ഹൈവേ 220-ന്റെ ഭാഗമായി വരുന്ന ബൈപ്പാസുകൾ പലപ്പോഴും നിർമ്മിക്കണമെന്ന ആവശ്യം നിരവധി വർഷങ്ങളായി ഉയർന്നുവരികയാണ്. ഏറ്റവും കൂടുതൽ ശബരിമല തീർത്ഥാടകർ യാത്ര ചെയ്യുന്ന മുണ്ടക്കയം മുതൽ കുമിളി വരെയുള്ള നാഷണൽ ഹൈവേ 220-ന്റെ ഭാഗമായി വരുന്ന ബൈപ്പാസ് റോഡിൽ ഏതെങ്കിലും തരത്തിലുള്ള മലയിടിച്ചിലോ മറ്റെന്തെങ്കിലും വിധത്തിലുള്ള തടസങ്ങളോ ഉണ്ടായാൽ ഇരുപത്തിനാല് മണിക്കൂർവരെ വഴി ബ്ലോക്കായി പോകുന്ന അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ മുണ്ടക്കയത്തുനിന്നും ഏലപ്പാറ വഴിയുള്ള ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ശബരിമലയുമായി ബന്ധപ്പെട്ട കാര്യം തന്നെയാണ് മുണ്ടക്കയം ബൈപ്പാസ്. രണ്ട് കോടി രൂപയുടെ ഒരു പദ്ധതിക്ക് അനുമതി നൽകി. ലാൻഡ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം വരാതിരിക്കാൻവേണ്ടി അത് മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി. അത് ഫാസ്റ്റ്ട്രാക്കിൽപ്പെടുത്തി നടപടി സ്വീകരിക്കാനുള്ള കാര്യങ്ങൾ ആരംഭിച്ചു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മലബാറിൽ നാഷണൽ ഹൈവേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പ്രതിഷേധം കാരണം അത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കുടിയൊഴിപ്പിക്കൽ പരമാവധി ഒഴിവാക്കി, അലൈൻമെന്റിൽ ആവശ്യമായ മാറ്റം വരുത്തി കുടിയൊഴിപ്പിക്ക പെടുന്നവർക്ക് മതിയായ പ്രതിഫലം അതായത് യഥാർത്ഥ വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, നാഷണൽ ഹൈവേയുടെ കാര്യത്തിൽ ദേശീയപാത 45 മീറ്ററാക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞു. ആൾ പാർട്ടി മീറ്റിംഗ്കൂടി സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചു. സ്ഥലത്തിനും കെട്ടിങ്ങൾക്കും മാർക്കറ്റ് വില നൽകുക, നഷ്ടം സംഭവിക്കുന്നവരെ മാറ്റി പാർപ്പിക്കുക. എന്നീ നിബന്ധനകളിൽ ആദ്യത്തെ ഭാഗം കേന്ദ്രം അംഗീകരിച്ചു. രണ്ടാമത്തെ ഭാഗം അംഗീകരിക്കുന്നില്ല. അതാണ് വിഷയം. ആൾ പാർട്ടി മീറ്റിംഗിനുശേഷം വീണ്ടും മന്ത്രിസഭാ യോഗംകൂടി എടുത്ത തീരുമാനം ഒരു കാരണവശാലും ദേശീയ പാത നഷ്ടപ്പെട്ടുകൂടാ എന്നതാണ്. റീഹാബിലിറ്റേഷൻ പദ്ധതിക്ക് രണ്ടായിരം കോടി രൂപയുടെ ചെലവ് വരും. ആ രണ്ടായിരം കോടി രൂപയുടെ ചെലവ് കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകണമെന്നാണ് നമ്മുടെ ആവശ്യം. കേന്ദ്ര സർക്കാർ അതിന് തയ്യാറാകുന്നില്ലെങ്കിൽ അതിനുള്ള ബദൽ നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കൊച്ചി-മധുര ദേശീയ പാതയിലെ ചിന്നക്കനാൽ-സൂര്യനെല്ലി ബൈപ്പാസിനുള്ള ഒരു പ്രൊപ്പോസലുണ്ടായിരുന്നു. നേരത്തെ ഈ സഭയിൽ ഉന്നയിച്ച ഒരു ചോദ്യത്തിന് അത് അടിയന്തരമായി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് അങ്ങ് പറഞ്ഞിരുന്നു. അതുകൊണ്ട് ഈ ബൈപ്പാസിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രി. എം. വി. ശ്രേയാംസ്കുമാർ : സർ, കൽപ്പറ്റ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ട് 15 വർഷത്തിലേറെയായി. കേവലം ഒരു കോടി രൂപയ്ക്കു താഴെ മാത്രമേ ആ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തീകരിക്കാനുള്ളൂ. ഗതാഗത കുരുക്ക് മാറണമെങ്കിൽ ഈ ബൈപ്പാസിന്റെ പ്രവൃത്തി ഉടനെ പൂർത്തിയാക്കേണ്ടതാണ്. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കൽപ്പറ്റ ബൈപ്പാസിന്റെ കാര്യത്തിൽ ജില്ലാ കേന്ദ്രം ഹെഡ്ക്വാർട്ടർ എന്ന നിലയിൽ മുന്തിയ പരിഗണന നൽകി നടപടി സ്വീകരിക്കും.

ശ്രീ. എ. എം. യൂസഫ് : സർ, ഏറ്റവും കൂടുതൽ ഗതാഗത കുരുക്കുള്ള സ്ഥലമാണ് എറണാകുളം. അങ്ങ് മന്ത്രിയായശേഷം ബിൽഡിംഗ്സ്, റോഡുകൾ, പാലങ്ങൾ എന്നിവയുടെയൊക്കെ പ്രവൃത്തി വളരെ ശ്രദ്ധയോടുകൂടി മുന്നോട്ടുകൊണ്ടുപോയി, അതിനെ അഭിനന്ദിക്കുന്നു. സീ-പോർട്ട് എയർപോർട്ട് റോഡിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചാൽ എറണാകുളം ജില്ലയിലെ ഒട്ടുമിക്ക പ്രദേശത്തുള്ള ഗതാഗത കുരുക്കും ഒഴിവാക്കാൻ പറ്റും. അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, സീ-പോർട്ട് എയർപോർട്ട് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏൽപ്പിച്ചു. അതിന്റെ ആദ്യഘട്ടം നടന്നു. രണ്ടാം ഘട്ടത്തിനുള്ള നടപടികൾ ഉടനെ ആരംഭിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കേരളത്തിലെ റോഡ് ഗതാഗതം വളരെ പ്രതിസന്ധിയിലാവുകയാണ്. ആ പ്രതിസന്ധി ഒഴിവാക്കുന്നതിനുവേണ്ടി ഒരു റോഡ് മാസ്റ്റർപ്ലാൻ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ; വിപുലമായ ഈ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി കേരളത്തെ നാഷണൽ സ്റ്റാന്റേർഡിലേക്ക് ഘട്ടംഘട്ടമായി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഈ ചോദ്യം കേരളത്തിലെ ബൈപ്പാസുകളെ കുറിച്ചാണല്ലോ. ബൈപ്പാസുകളിൽ ആദ്യം പൂർത്തീകരിച്ച ബൈപ്പാസ് ആണ് അടൂർ ബൈപ്പാസ്.

26. ശ്രീ. എ. എ. ഷുക്കൂർ

27. ശ്രീ. തോമസ് ചാഴികാടൻ

28. ശ്രീ. എം. ഉമ്മർ

29. ശ്രീ. പി. എം. എ. സലാം

അനുകൂലിക്കുന്നവർ : 68

പ്രതികൂലിക്കുന്നവർ : 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.47-ന് പിരിഞ്ഞു.)

അനുബന്ധം - I

[നക്ഷത്രചിഹ്നമിട്ട 1(*61)-ാം നമ്പർ ചോദ്യം കാണുക]

ക്രമ നമ്പർ	മാന്ദ്യ പാക്കേജിൽ അനുമതി നല്കിയ ബൈപ്പാസുകൾ	ഇപ്പോഴുള്ള പുരോഗതി
(1)	(2)	(3)
1	റാന്നി ബൈപ്പാസ് - I&II - 6 കോടി (പത്തനംതിട്ട ജില്ല)	വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2	മുണ്ടക്കയം ബൈപ്പാസ് - 2 കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
3	കോടിമത ചുങ്കം ബൈപ്പാസ്- 5-കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
4	പട്ടിത്താനം ഏറ്റുമാനൂർ, മണർക്കാട് - 10 കോടി (കോട്ടയം ജില്ല)	LA നടപടികൾ ആരംഭിച്ചു.
5	കാക്കനാട്-തങ്കളം - 5 കോടി (എറണാകുളം ജില്ല)	LA നടപടികൾ ആരംഭിച്ചു.
6	പെരുമ്പാവൂർ ബൈപ്പാസ് - 10 കോടി (എറണാകുളം ജില്ല)	കെ.എസ്.സി.സി.-യെ ഏൽപ്പിച്ചു.
7	യാക്കര-തിരുനെല്ലായി ബൈപ്പാസ് - 2.43 കോടി (പാലക്കാട് ജില്ല)	പ്രവൃത്തി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8	കോട്ടയ്ക്കൽ ബൈപ്പാസ് - 7.36 കോടി (മലപ്പുറം ജില്ല)	പ്രവൃത്തി ആരംഭിച്ചു.
9	കർമ്മ ബൈപ്പാസ് - 14.00 കോടി (മലപ്പുറം ജില്ല)	ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.
10	പേരാമ്പ്ര ബൈപ്പാസ് - 7.30 കോടി (കോഴിക്കോട് ജില്ല)	എൽ.എ. ആരംഭിച്ചു
11	വടക്കുംകൂർ ബൈപ്പാസ് കടുതുരുത്തി - 8.30 കോടി (കോട്ടയം ജില്ല)	എൽ.എ. ആരംഭിച്ചു
12	മണ്ണുത്തി-വടക്കേത്തറ-താന്നിക്കുടം കുണ്ടുകാട് ബൈപ്പാസ് - 1.80 കോടി (തൃശ്ശൂർ ജില്ല)	പ്രവൃത്തി പുരോഗതിയിലാണ്.
13	കൊല്ലങ്കോട് ബൈപ്പാസ് (വടക്കാഞ്ചേരി-പൊള്ളാച്ചി-13.00 കോടി) (പാലക്കാട് ജില്ല)	എൽ.എ. ആരംഭിച്ചു
14	നിലമ്പൂർ ബൈപ്പാസ് - 16 കോടി (മലപ്പുറം ജില്ല)	കെ.എസ്.സി.സി.-യെ ഏൽപ്പിച്ചു
15	നരിക്കുനി ബൈപ്പാസ് - 9.50 കോടി (കോഴിക്കോട് ജില്ല)	അലൈൻമെന്റ് തയ്യാറായിവരുന്നു.
16	കുറ്റിയാടി ബൈപ്പാസ് - 5 കോടി (കോഴിക്കോട് ജില്ല)	എൽ.എ. ആരംഭിച്ചു
17	മാഹി ബൈപ്പാസ് - 1.25 കോടി (കണ്ണൂർ ജില്ല)	എൽ.എ. ആരംഭിച്ചു
18	അഞ്ചൽ ബൈപ്പാസ് - 2 കോടി (കൊല്ലം ജില്ല)	എൽ.എ. ആരംഭിച്ചു
19	കോലാനി-വെങ്ങല്ലൂർ ബൈപ്പാസ് - 3.50 കോടി (ഇടുക്കി ജില്ല)	പ്രവൃത്തി പുരോഗതിയിലാണ്.
20	മൂവാറ്റുപുഴ ടൗൺ ബൈപ്പാസ് - 7.25 കോടി (എറണാകുളം ജില്ല)	എൽ.എ. നടന്നുവരുന്നു. ഭാഗികമായി (NAZ Road portion) പ്രവൃത്തി ആരംഭിച്ചു.
21	തത്തമംഗലം ബൈപ്പാസ് - 2.98 കോടി (പാലക്കാട് ജില്ല)	എൽ.എ. ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
22	അകത്തേത്തറ ബൈപ്പാസ് - 2.50 കോടി (പാലക്കാട് ജില്ല)	പ്രവൃത്തി പുരോഗതിയിലാണ്.
23	മാനന്തവാടി ബൈപ്പാസ്-3.40 കോടി (വയനാട് ജില്ല)	ടെണ്ടറിന് GTC അംഗീകാരം
24	പെരുമണ്ണ ബസാർ-1.15 കോടി (കോഴിക്കോട് ജില്ല)	പ്രവൃത്തി പുരോഗതിയിലാണ്.
25	തലശ്ശേരി ബൈപ്പാസ്-6.75 കോടി (ടൂറിസം വിഭാഗത്തിൽ-നിന്നും അനുമതി ലഭിച്ചത്) (കണ്ണൂർ ജില്ല)	പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.
	കേരളത്തിലെ ദേശീയപാതകളിൽ 23 ബൈപ്പാസുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്.	
1	തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസ് (തിരുവനന്തപുരം ജില്ല)	22.63 കിലോമീറ്റർ രണ്ട് വരിപ്പാതകൾ പൂർത്തീകരിച്ചു. ബാക്കി ഭാഗത്തെ സ്ഥലമെടുപ്പും മുഴുവൻ പാത നാലുവരിപ്പാതയാക്കാനുള്ള പണികളും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ചെയ്യുന്നതായിരിക്കും.
2	കൊല്ലം ബൈപ്പാസ് (കൊല്ലം ജില്ല)	4.5 കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 8.35 കിലോമീറ്റർ (3 പാലങ്ങൾ ഉൾപ്പെടെ) സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2 വരി പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. അതിന്മേലുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു.
3	ആലപ്പുഴ ബൈപ്പാസ് (ആലപ്പുഴ ജില്ല)	2.502 കി.മീ. നീളം ഫെയിസ് 1-ലും 2.958 കി.മീ. നീളം ഫെയ്സ് 2-ലും രണ്ടുവരിപ്പാതയാക്കി വികസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 1.545 കി.മീ. സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്.
4.	കൊടുങ്ങല്ലൂർ ബൈപ്പാസ് (തൃശ്ശൂർ ജില്ല)	നിർമ്മാണപ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5	കോഴിക്കോട് ബൈപ്പാസ് (കോഴിക്കോട് ജില്ല)	17.324 കി.മീ. രണ്ടുവരിപ്പാതയായി പൂർത്തീകരിച്ചിട്ടുണ്ട്. 6.86 കിമീ. (റീച്ച്-1) നീളത്തിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബാക്കിയുള്ള പണികളും നാലുവരിപ്പാതയാക്കലും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ചെയ്യുന്നതായിരിക്കും.
6	തലശ്ശേരി-മാഹി ബൈപ്പാസ് (കണ്ണൂർ ജില്ല)	9.742 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. ബാക്കിയുള്ള സ്ഥലമെടുപ്പും നാലുവരിപ്പാതയും നിർമ്മാണ പ്രവർത്തനവും എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതായിരിക്കും.
7	കൊയിലാണ്ടി ഡീവിയേഷൻ (കോഴിക്കോട് ജില്ല)	സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് സർവ്വെപ്പണികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. എൻ.എച്ച്.എ.ഐ. 45 മീറ്റർ നാല് വരിപ്പാതയായി എൻ.എച്ച്.ഡി.പി.-യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.
8	തൃപ്പൂണിത്തുറ ബൈപ്പാസ് (എറണാകുളം ജില്ല)	3.75 കി.മീ. നീളത്തിൽ സ്ഥലമെടുപ്പ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള നീളത്തിന്റെ അലൈൻമെന്റ് ഇതുവരെയും ഫൈനലൈസ് ചെയ്തിട്ടില്ല.
9	പൊന്നാനി ബൈപ്പാസ് (മലപ്പുറം ജില്ല)	പണി പുനരാരംഭിച്ചിട്ടില്ല.
10	ചാവക്കാട് ബൈപ്പാസ് (തൃശ്ശൂർ ജില്ല)	പണി ആരംഭിച്ചിട്ടില്ല.
11	വാടാനപ്പള്ളി ബൈപ്പാസ് (തൃശ്ശൂർ ജില്ല)	"
12	തൃപ്പയാർ-വലപ്പാട് ബൈപ്പാസ് (തൃശ്ശൂർ ജില്ല)	"
13	ചന്ദ്രാപ്പിനി ബൈപ്പാസ് (തൃശ്ശൂർ ജില്ല)	"

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
14	മൂന്നുപീടിക ബൈപ്പാസ് (തൃശ്ശൂർ ജില്ല)	പണി ആരംഭിച്ചിട്ടില്ല.
15	മതിലകം സെക്ഷൻ I (തൃശ്ശൂർ ജില്ല)	"
16	മതിലകം സെക്ഷൻ II (തൃശ്ശൂർ ജില്ല)	"
17	പറവൂർ ബൈപ്പാസ് (എറണാകുളം ജില്ല)	"
18	ഇടപ്പള്ളി മഞ്ഞുമ്മൽകവല റീ-അലൈൻമെന്റ് (എറണാകുളം ജില്ല)	"
19	പയ്യന്നൂർ ബൈപ്പാസ് (കണ്ണൂർ ജില്ല)	"
20	തളിപ്പറമ്പ ബൈപ്പാസ് (കണ്ണൂർ ജില്ല)	"
21	കണ്ണൂർ ബൈപ്പാസ് (കണ്ണൂർ ജില്ല)	"
22	വളാഞ്ചേരി ബൈപ്പാസ് (മലപ്പുറം ജില്ല)	"
23	ആറ്റിങ്ങൽ ബൈപ്പാസ് (തിരുവനന്തപുരം ജില്ല)	"

വിശദീകരണ കുറിപ്പ്

നഗരങ്ങളിലെ വാഹനത്തിരക്ക് ഒഴിവാക്കുന്നതിനും സുഗമമായ ഗതാഗതത്തിനുമായി സംസ്ഥാനത്ത് പുതിയ 25 ബൈപ്പാസ് റോഡുകൾകൂടി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി 24 ബൈപ്പാസുകളും ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി ബൈപ്പാസ്സുകളാണ് ഉത്തരവായിട്ടുള്ളത്.

മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി 24 പ്രവൃത്തികൾക്കായി 147.32 കോടി രൂപയും ടൂറിസം വിഭാഗത്തിൽപ്പെടുത്തി തലശ്ശേരി ബൈപ്പാസിന് 6.75 കോടി രൂപയും ഉൾപ്പെടെ 154.07 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 6 ബൈപ്പാസുകളുടെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. പെരുമ്പാവൂർ ബൈപ്പാസ്, നിലമ്പൂർ ബൈപ്പാസ് എന്നിവ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന എല്ലാ പ്രവത്തികൾക്കും ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ദേശീയപാതയിലെ തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപ്പാസ്-76.223 കിലോമീറ്റർ രണ്ടുവരിപ്പാതകൾ പൂർത്തീകരിച്ചു. ബാക്കി ഭാഗത്തെ സ്ഥലമെടുപ്പും മുഴുവൻ പാതയും നാലുവരിപ്പാതയാക്കാനുള്ള പണികളും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ബൈപ്പാസ് - 26.009 കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 8.35 കിലോമീറ്റർ (3 പാലങ്ങൾ) ഉൾപ്പെടെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്മേലുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ ബൈപ്പാസ് - 2.502 കി.മീ. നീളം ഫെയിസ് 1-ലും 2.958 കി.മീ. നീളം ഫെയ്സ് 2-ലും രണ്ടുവരിപ്പാതയാക്കി വികസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 1.545 കി.മീ. സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട് ബൈപ്പാസ് - 17.324 കി.മീ. രണ്ടുവരിപ്പാതയായി പൂർത്തീകരിച്ചിട്ടുണ്ട്. 6.86 കി.മീ. (റീച്ച് - 1) നീളത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള പണികളും നാലുവരിപ്പാതയാക്കലും എൻ.എച്ച്.എ.ഐ., എൻ.എച്ച്.ഡി.പി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരി - മാഹി ബൈപ്പാസ് - 9.742 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. ബാക്കിയുള്ള സ്ഥലമെടുപ്പും നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനവും എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊയിലാണ്ടി ഡീവിയേഷൻ റോഡിന്റെ സർവ്വെപ്പണികൾ സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇതിനെ എൻ.എച്ച്.എ.ഐ. 45 മീറ്റർ നാലുവരി പാതയായി എൻ.എച്ച്.ഡി.പി.-യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ 3.75 കി.മീ. നീളത്തിൽ സ്ഥലമെടുപ്പ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ഇതുവരെയും ഫൈനലൈസ് ചെയ്തിട്ടില്ല.

വളരെ അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കേണ്ട ബൈപ്പാസ് റോഡുകളുടെ ലാന്റ് അക്വിസിഷൻ നടപടികൾ ഫാസ്റ്റ് ട്രാക്ക് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനുബന്ധം - II

[നക്ഷത്രചിഹ്നമിട്ട 4(*64)-ാം നമ്പർ ചോദ്യം കാണുക]

1. വികലാംഗർക്കായി ജില്ലകൾതോറും മെഡിക്കൽ ക്യാമ്പുകൾനടത്തി സഹായോപകരണങ്ങൾ സൗജന്യമായി വിതരണം നടത്തുന്നു. (69 ലക്ഷം)

ഈ പദ്ധതിയനുസരിച്ച് ജില്ലകൾതോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വികലാംഗർക്ക് വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, ശ്രവണസഹായി, ഡി.വി.ഡി. പ്ലെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ കണ്ണട, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി. പി. ചെയർ മുതലായ ഉപകരണങ്ങൾ സൗജന്യമായി വിതരണം നടത്തിവരുന്നു.